**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ക്രമം**

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം,

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം മേഖലാ കൺവീനർ, ജില്ലാ കൺവീനർ, പി എ സി അംഗങ്ങൾക്ക് 3 ദിവസത്തെ കോമ്പൻസേറ്ററി ഓഫ് അനവധിച്ച് ഉത്തരവാകുന്നു.

---

01 ഡിജിഇ /എച്ച്എസ്ഇ /എൻഎസ്എസ് / 2022 തീയതി 07 /01 /2022

---

പരാമർശം : 1. 181 /എൻ എസ് എസ് /എച്ച് എസ് ഇ / 2019 , തീയതി 09 /06 /2020 , ഡയറക്ടർ

2. ജി.ഒ (ആർ റ്റി)നം.78 /2012 /എച്ച്ഇഡിഎൻ , തീയതി 10 /01 / 2012 .

**<u>ഉത്തരവ്</u>**

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ യൂണിറ്റ് തല പ്രവർത്തന ശാക്തീകരണത്തിനും മോണിറ്ററിംഗിനും വേണ്ടി തിരഞ്ഞെടുക്കപ്പെട്ട പൂർവ്വകാല പ്രോഗ്രാം ഓഫീസർമാരെ മേഖലാ പ്രോഗ്രാം കൺവീനർമാരായും ജില്ലാ കൺവീനർമാരായും പെർഫോർമൻസ് അസെസ്സ്മെന്റ് കമ്മിറ്റി അംഗങ്ങളായും നിയമിച്ചിരിക്കുന്നു.

എൻ.എസ്.എസ് സ്പെഷ്യൽ ക്യാമ്പ് നടത്തുന്ന പ്രോഗ്രാം ഓഫീസർമാർക്ക് ക്യാമ്പ് കഴിഞ്ഞ് 3 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് പരാമർശം (1) പ്രകാരം സർക്കാർ അനുവദിച്ചിട്ടുള്ളതാകുന്നു. സപ്തദിന ക്യാമ്പുകൾ സന്ദർശിച്ച് മോണിറ്ററിംഗ് നടത്തി ക്യാമ്പ് മോണിറ്ററിംഗ് റിപ്പോർട്ടും ഡ്യൂട്ടി സർട്ടിഫിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് മോണിറ്ററിംഗിനെടുത്ത ഓരോ ദിവസത്തിനും അര ദിവസം വച്ച് പരമാവധി 3 ദിവസത്തെ കോമ്പൻസേറ്ററി ഓഫ് മേഖലാ പ്രോഗ്രാം കൺവീനർമാർക്കും ജില്ലാ കൺവീനർമാർക്കും പെർഫോർമൻസ് അസെസ്സ്മെന്റ് കമ്മിറ്റി അംഗങ്ങൾക്കും നൽകുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

ഒപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ